(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

Page 1 of 2

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത് ?

<u>ഉത്തരം</u>

(എ) ആർ.സി.എം.എസ്.-ൽ നിന്ന് ഇ-വെരിഫിക്കേഷൻ സേവനങ്ങൾ നൽകിവരുന്നുണ്ട്.

(ബി) മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും റേഷൻ കാർഡ് സംബന്ധിച്ച വെരിഫിക്കേഷൻ ആവശ്യമായി വരുമ്പോൾ ഇ-വെരിഫിക്കേഷൻ മുഖേന റേഷൻ കാർഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കും. ആർ.സി.എം.എസ്. ഡാറ്റാബേസിലുള്ള നിശ്ചിത ഫീൽഡുകൾ മറ്റു വകുപ്പുകൾക്ക് പങ്ക് വച്ചാണ് ഇ-വെരിഫക്കേഷൻ നടത്തിവരുന്നത്.

(സി) ഉപഭോക്താക്കൾ മറ്റ് വകുപ്പുകളിൽ ഹാജരാക്കുന്ന റേഷൻകാർഡ് വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഇതുമൂലം സാധിക്കും.

(ഡി) ഇ-ഡിസിട്രിക്ട് പോലുള്ള പദ്ധതികളിൽ റേഷൻകാർഡ് സാക്ഷ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നത് എൻ.ഐ.സി.യാണ്.

(ഇ) നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നില്ല.

**ചാരിറ്റബിൾ സൊസൈറ്റികളിലെ തെരഞ്ഞെടുപ്പ്**

253 (3116) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാരിറ്റബിൾ സൊസൈറ്റികളിലെയും ട്രസ്റ്റുകളിലെയും കമ്മിറ്റി മെംബർമാരുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് യഥാസമയം നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ അംഗീകൃത നിയമാവലിയിൽ തെരഞ്ഞെടുപ്പു സംബന്ധമായ കാര്യങ്ങൾക്കു വ്യവസ്ഥയില്ലെങ്കിൽ പുതിയ ഭരണസമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനങ്ങൾ രൂപീകരിച്ച വേളയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്കും ഭാരവാഹികൾക്കും തെരഞ്ഞെടുപ്പുസംബന്ധമായ വ്യവസ്ഥ നിയമാവലിയിൽ ഇല്ലെങ്കിൽ എത്രകാലം അധികാരത്തിൽ തുടരാൻ കഴിയുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം ആക്ട്), 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് (1955-ലെ 12-ാം ആക്ട്) എന്നിവയിൽ അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല.

ട്രസ്റ്റുകളുടെ കാര്യത്തിൽ, ബന്ധപ്പെട്ട ട്രസ്റ്റാധാരം, നിലവിലുള്ള രജിസ്ട്രേഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി രജിസ്റ്റർ ചെയ്യുന്നതല്ലാതെ മറ്റു യാതൊരു ഭരണ നിർവ്വഹണപരമായ ചുമതലകളും രജിസ്ട്രേഷൻ വകുപ്പിന് ഇല്ല.

(ബി) ഭാരവാഹികളുടെയും ഭരണ സമിതി അംഗങ്ങളുടെയും പേരുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ച്, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിലെ 4-ാം വകുപ്പിലും, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് 4, 7 എന്നീ വകുപ്പുകളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രസ്റ്റുകളുടെ കാര്യത്തിൽ ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 4 പ്രകാരം, ഓരോ വർഷത്തിലും ഒരിക്കൽ സംഘത്തിന്റെ ചട്ടങ്ങൾ അനുസരിച്ച് സംഘത്തിന്റെ വാർഷിക പൊതുയോഗം നടത്തുന്ന ദിവസത്തെ തുടർന്ന് പതിനാലാം ദിവസമോ അതിനു മുമ്പോ, അല്ലെങ്കിൽ, വാർഷിക പൊതുയോഗത്തിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ ജനുവരി മാസത്തിലോ, അപ്പോൾ സംഘകാര്യങ്ങളുടെ മാനേജ്മെന്റ് ഭാരമേല്പിച്ചിട്ടുള്ള ഗവർണ്ണറുടെയോ, കൗൺസിലിന്റെയോ ഡയറക്ടർമാരുടെയോ മറ്റു ഭരണസമിതിയുടെയോ പേരിന്റെയും മേൽവിലാസത്തിന്റെയും ജീവനത്തിന്റെയും ഒരു ലിസ്റ്റ്, ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം ആക്ട്), 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് (1955-ലെ 12-ാം ആക്ട്) എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ, അവ രൂപവത്ക്കരിച്ച വേളയിൽ, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെയും ഭാരവാഹികളുടെയും തെരഞ്ഞെടുപ്പ് സംബന്ധമായ വ്യവസ്ഥ നിയമാവലിയിൽ ഇല്ലെങ്കിൽ എത്ര കാലം അധികാരത്തിൽ തുടരാൻ കഴിയുമെന്ന് മേൽപ്പറഞ്ഞ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

ട്രസ്റ്റുകളുടെ കാര്യത്തിൽ, ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly